"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - വിമുക്തഭടന്മാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമുള്ള അമാൽഗമേറ്റഡ് ഫണ്ട് - 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ബജറ്റ് വിഹിതത്തിന്റെ ബാക്കി അനുവദിക്കാനുള്ള 50% തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.6/2024/SWD തീയതി,തിരുവനന്തപുരം, 23-01-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 42/2023/SWD തീയതി, 19.06.2023.

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 22.11.2023-ലെ D-1/257617/2023/DSW നമ്പർ കത്ത്.

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷം "2235-60-200-96 വിമുക്തഭടന്മാരുടെ പുനരധിവാസത്തിനും മറ്റുമുള്ള സ്പെഷ്യൽ സർവ്വീസ് ഫണ്ടിലേക്ക് അംശദാനം" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 31,50,000/- രൂപയുടെ 50% തുക ആയ 15,75,000/- രൂപ (പതിനഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) അമാൽഗമേറ്റഡ് ഫണ്ടിന്റെ കോർപ്പസിലേയ്ക്ക് റിലീസ് ചെയ്യുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു.

2. പരാമർശം 2 പ്രകാരം അമാൽഗമേറ്റഡ് ഫണ്ട് സെക്രട്ടറി കൂടിയായ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമിനത്തിൽ ബാക്കി അനുവദിക്കാനുള്ള തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷം "2235-60-200-96 വിമുക്തഭടന്മാരുടെ പുനരധിവാസത്തിനും മറ്റുമുള്ള സ്പെഷ്യൽ സർവ്വീസ് ഫണ്ടിലേക്ക് അംശദാനം" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 31,50,000/- രൂപയിൽ

ബാക്കി അനുവദിക്കാനുള്ള 50% തുക ആയ 15,75,000/- രൂപ (പതിനഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) അമാൽഗമേറ്റഡ് ഫണ്ടിന്റെ കോർപ്പസിലേയ്ക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇപ്രകാരം തുക പിൻവലിച്ച് അമാൽഗമേറ്റഡ് ഫണ്ടിലേയ്ക്ക് റിലീസ് ചെയ്യുന്നതിനുള്ള നടപടി സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി ആർ
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ് :-

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
5. ട്രഷറി ആഫീസർ, സബ് ട്രഷറി, വികാസ് ഭവൻ, തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ് (04.01.2024-ലെ E-2456068 EXP-D4/88/2023-FIN പ്രകാരം).
7. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Jenshar
സെക്ഷൻ ഓഫീസർ
Date: 24-01-2024 10:37:07